# വിശ്വാസിയും ആത്മസംസ്കരണവും

കബീർ എം. പറളി

ശുദ്ധപ്രകൃതിയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ വ്യതിരിക്തത അവന്റെ ജീവിത വിശുദ്ധിയാകണം. ഭൗതിക ലോകത്ത് കോടാനുകോടി ജീവജാലങ്ങളുണ്ടായിരിക്കെ അവയുമായൊന്നും ബന്ധപ്പെടുകയൊ, അവയിൽ പരിഗണിക്കപ്പെടുകയൊ ചെയ്യാത്ത സവിശേഷ സംഗതിയാണ് ജീവിതവിശുദ്ധി എന്നത്. ബുദ്ധിയും വിവേകവുമുള്ള മനുഷ്യൻ നന്മയിലേക്ക് എന്ന പ്രമേയത്തെ പ്രതിനിധാനം ചെയ്യേണ്ടവനാണ്. ലക്ഷ്യബോധത്തേയും കർമ്മനൈരന്തര്യത്തേയും ബഹുമാനിക്കുന്ന ആരിലും ഈ പ്രമേയം സജീവമായി നിലനൽക്കുകയും, അത്തരമാളുകൾ അതിന്റെ സാക്ഷാത്കാരത്തിനു വേണ്ടിയുള്ള ശ്രമങ്ങളിൽ ത്യാഗങ്ങൾ സഹിക്കുകയും ചെയ്യും.

പരമകാരുണികനായ അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളത് വൃഥാവിലല്ല എന്നതിനാലും, ഐഹിക ജീവിതത്തിന്റെ ഉദ്ദേശ്യം പരലോകമോക്ഷമാണ് എന്നതിനാലും, മനുഷ്യന്റെ ജീവിത വിശുദ്ധിക്ക് ഏറെ പ്രാധാന്യം നൽകുന്ന മതമാണ് ഇസ്‌ലാം. അതിന് പറ്റിയ സൃഷ്ടിപ്രകൃതിയാണ് അവന്ന് അല്ലാഹു നൽകിയിരിക്കുന്നത്. ഖുർആൻ പറയുന്നു:

''തീർച്ചയായും മനുഷ്യനെ നാം ഏറ്റവും നല്ലഘടനയോടു കൂടി സൃഷ്ടിച്ചിരിക്കുന്നു.'' (അത്തീൻ: 4)

ഇതര ജീവികളിൽ നിന്നും വ്യത്യസ്തപ്പെടുന്ന മനുഷ്യന്റെ ബാഹ്യഘടനയെ മാത്രം വ്യക്തമാക്കുന്ന പ്രസ്താവനയാകാൻ തരമില്ല ഇത്. പിന്നീട് അവനെ നാം അധമരിൽ അധമനാക്കിത്തീർത്തു എന്ന തുടർ വചനം മറ്റു പല വശങ്ങളിലേക്കും സൂചന നൽകുന്നുണ്ട്.

ഹൃദയ ശുദ്ധീകരണമാണ് വിശുദ്ധ ജീവിതത്തിനുള്ള പ്രധാനമാർഗം. മനുഷ്യന്റെ ചുറ്റുപാടുകൾ മലീമസവും മാനസികാവസ്ഥകളെ പ്രതികൂലമായി ബാധിക്കുന്നതുമാകയാൽ ആത്മസംസ്കരണമെന്ന കർമ്മം ക്ലേശകരമാണ്. എന്നാൽ ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം, നമുക്ക് കണിശമായും പറയാവുന്നത്, മാനസിക വിശുദ്ധ കൈവരിക്കാൻ മറ്റുള്ളവരെ അപേക്ഷിച്ച് അവന്ന് സുസാധ്യമാകും എന്നാണ്. എന്തുകൊണ്ടെന്നാൽ, സുശക്തമായ വിശ്വാസാടിത്തറയാണ് അവന്റേത്. നന്മയിലേക്ക് വഴിനടത്താൻ കെൽപുള്ള രണ്ടു പ്രമാണങ്ങളാണ് അവന്റെ കൈമുതൽ. ഐഹിക ജീവിതവും അതിലെ സുഖഭോഗങ്ങളും നീണാൾവാഴില്ലെന്ന അറിവും, ഹൃദയശുദ്ധിയുള്ള വിശ്വാസിക്കേ പരലോകത്ത് വിജയിക്കാനാകൂ എന്ന ഉറപ്പും മാനസികവിശുദ്ധി നേടാൻ ഒരു മുസ്‌ലിമിന് സഹായകമാണ്. അല്ലാഹു പറയുന്നു:

''തീർച്ചയായും അതിനെ (മനസിനെ) പരിശുദ്ധമാക്കിയവൻ വിജയം കൈവരിച്ചു. അതിനെ കളങ്കപ്പെടുത്തിയവൻ തീർച്ചയായും നിർഭാഗ്യമടയുകയും ചെയ്തു.'' (ശംസ്: 9, 10)

അല്ലാഹുവിൽ നിന്നും മനുഷ്യന് ലഭിച്ചിട്ടുള്ള ശരിതെറ്റുകളെ സംബന്ധിച്ച ബോധം അവന് നൽകിയതിന് ശേഷമാണ്, വിശുദ്ധ ഖുർആനിന്റെ ഈ ഖണ്ഡിതമായ വാക്ക്. അത് നമുക്കിങ്ങനെ വായിക്കാം:

''മനുഷ്യാസ്തിത്വത്തെയും അതിനെ സംവിധാനിച്ച രീതിയെയും തന്നെയാണ സത്യം. എന്നിട്ട് അതിന്ന് അതിന്റെ ദുഷ്ടതയും അതിന്റെ സൂക്ഷ്മതയും സംബന്ധിച്ച് അവൻ ബോധം നൽകുകയും ചെയ്തിരിക്കുന്നു.'' (ശംസ്: 7, 8)

മനസ്സിൻരെ ശുദ്ധിയും അതിനൊത്ത ജീവിതവുമാണ് മനുഷ്യന്റെ വിജയനിദാനമെന്ന് പഠിപ്പിക്കാൻ, സൂറത്തു ശംസിന്റെ ആദ്യത്തിൽ കാരുണ്യവാനായ റബ്ബ് ഏഴോളം വസ്തുക്കളെ ആണയിട്ട് പറയുന്നുണ്ട്. വിഷയത്തിന്റെ പ്രാധാന്യം ബോധ്യപ്പെടാൻ വിശ്വാസിക്ക് അതു തന്നെ ധാരാളമാണ്.

മനസ്സിനെ പരിശുദ്ധമാക്കിയവൻ വിജയിച്ചു, അതിനെ കളങ്കപ്പെടുത്തിയവൻ നിർഭാഗ്യമടഞ്ഞു എന്ന വചനത്തെ ഇബ്നു കഥീർ(റ) വിശദീകരിച്ചിട്ടുണ്ട്. 'മസ്സിനെ ശുദ്ധമാക്കുക എന്നാൽ, ഖതാദ(റ) പ്രസ്താവിച്ചതു പോലെ, അല്ലാഹുവിന്റെ വിധിവിലക്കുകളെ അനുസരിച്ചു കൊണ്ട് എന്നും, മ്ലേച്ഛവും മലിനവുമായ സ്വഭാവങ്ങളിൽ നിന്ന് മുക്തമായിക്കൊണ്ട് എന്നും വിവക്ഷിക്കാവുന്നതാണ്. അതിനെ കളങ്കപ്പെടുത്തുക എന്നാൽ, ദുസ്വഭാവങ്ങൾ കൊണ്ട് മൂടിയും, അന്തർഗുണങ്ങളെ നിഷ്ക്രിയമാക്കിയും, ഹിദായത്തിൽ നിന്ന് തിരിച്ചും, പാപകർമ്മങ്ങളിലാറാടും വിധം ദൈവികാനുസരണത്തിൽ നിന്ന് മാറ്റിയും മനസ്സിനെ മലിനമാക്കുക എന്നാണാശയം.'

ദുർവൃത്തികളിലേക്ക് പ്രേരണ നൽകുന്ന സ്വഭാവം മനസ്സിനുണ്ട്. നമ്മെ നശിപ്പിക്കാൻ തക്കംപാർത്തിരിക്കുന്ന, തന്ത്രങ്ങളാവിഷ്കരിക്കുന്ന ശത്രുവിനെപ്പോലെ മനസ്സ് നമ്മോട് പെരുമാറുന്ന സന്ദർഭങ്ങൾ നിത്യജീവിതത്തിൽ ധാരാളമാണ്. അക്രമങ്ങളിലേക്ക്, അനാവശ്യങ്ങളിലേക്ക്, ഐഹിക ജീവിതത്തിന്റെ ആലസ്യത്തിലേക്ക് മനുഷ്യനെ പ്രേരിപ്പിക്കുന്നത് മനസ്സാണ്. അതുകൊണ്ടുതന്നെയാണ് നബി(സ്വ),

അല്ലാഹുവേ, എന്റെ മനസ്സിന് അതിന്റെ തഖ്‌വ നൽകുകയും അതിനെ പരിശുദ്ധമാ ക്കുകയും ചെയ്യേണമേ, അതിനെ വിമലീകരിക്കാൻ ഏറ്റവും നല്ലവൻ നീ തന്നെ. നീയാണതിന്റെ സഹായി, നീ തന്നെയാണ് അതിന്റെ ഉടമ എന്ന് ദിവസത്തിൽ പലവുരു പ്രാർഥിച്ചു കൊണ്ടിരുന്നത്. തിരുമേനിയുടെ ഏതൊരു പ്രസംഗത്തിന്റെ ആരംഭത്തിലും ഞങ്ങളുടെ മനസ്സിന്റെ ഉപദ്രവങ്ങളിൽ നിന്നും അല്ലാഹുവേ, നിന്നോട് ഞങ്ങൾ കാവൽചോദിക്കുന്നു എന്ന് പറഞ്ഞിരുന്നതായി ഹദീസുക ളിൽ വന്നിട്ടുണ്ട്.

ഹൃദയശുദ്ധിയാണ് ജീവിത വിശുദ്ധിയിലേക്കും സ്വർഗപ്രവേശത്തിലേക്കും വഴികാണിക്കുന്നത് എന്ന യാഥാർഥ്യമാണ് നാമിടെ മനസ്സിലാക്കുന്നത്. അല്ലാഹു പറഞ്ഞു:

''അപ്പോൾ ഏതൊരാൾ തന്റെ രക്ഷിതാവിന്റെ സ്ഥാനത്തെ ഭയപ്പെടുകയും മനസ്സിനെ തന്നിഷ്ടത്തിൽ നിന്ന് വിലക്കിനിർത്തുകയും ചെയ്തുവോ (അവന്ന്) സ്വർഗം തന്നെയാണ് സങ്കേതം.'' (നാസിആത്: 40, 41)

അല്ലാഹുവുമായുള്ള നിത്യബന്ധത്തിനും സംശുദ്ധമായ ജീവിതത്തിനും പരലോക മോക്ഷത്തിനും കൊതിക്കുന്നവനാണ് മുഅ്മിൻ. അതിന് വിഘാതമുണ്ടാക്കുന്ന കാര്യങ്ങളോട് അതിവ സൂക്ഷ്മത യാണ് വിശ്വാസി കാണിക്കുക. പ്രവാചക മുഖത്തുനിന്നും ഈമാനും ഇഖ്‌ലാസും ഇഹ്സാനുമൊക്കെ കൃത്യമായി ശീലിച്ച സച്ചരിത സമൂഹം, ജീവിത സൂക്ഷ്മതയുടെ കാര്യത്തിൽ മുമ്പൻമാരായിരുന്നു. താന്തോന്നികളായി കഴിഞ്ഞുകൂടിയ നാളുകളിലെ ചവർപ്പും കയ്പുമറിയാമായിരുന്ന അവർ, അമൂല്യമായ ഈമാനിലൂടെ തങ്ങളുടെ മനസ്സുകൾക്ക് ലഭിച്ച പവിത്രതയെ നിധിതുല്യം കാത്തു സൂക്ഷിച്ചു. മനസ്സിനെ നിശിതമായ വിമർശനത്തിനും കണിശമായ വിചാരണക്കും വിധേയമാക്കി പ്രവ ർത്തനങ്ങളെ പരമാവധി വിശുദ്ധമാക്കിയവരായിരുന്നു അവർ. ജീവിതം കൊണ്ട് സർവ്വശക്തന്റെ സ്വർഗമല്ലാതെ മറ്റൊന്നും ആവശ്യമില്ലാതിരുന്ന അവർക്ക് അങ്ങനെ ചെയ്യേണ്ടതുണ്ടായിരുന്നു.

ഖുർആനിന്റെ രണ്ട് പ്രസ്താവനകൾ വായിക്കുക: ''ആരെങ്കിലും പരലോകം ഉദ്ദേശിക്കുകയും, സത്യവിശ്വാസിയായിക്കൊണ്ട് അതിന്നു വേണ്ടി അതിന്റെ തായ പരിശ്രമം നടത്തുകയും ചെയ്യുന്ന പക്ഷം അത്തരക്കാരുടെ പരിശ്രമം പ്രതിഫലാർഹമായിരിക്കും.'' (ഇസ്റാഅ്: 19)

''സത്യവിശ്വാസിയായിക്കൊണ്ട് സൽകർമ്മങ്ങൾ പ്രവർത്തിച്ചിട്ടാണ് വല്ലവനും അവന്റെയടുത്ത് ചെല്ലുന്ന തെങ്കിൽ അത്തരക്കാർക്കുള്ളതാകുന്നു ഉന്നതമായ പദവികൾ. അതായത് താഴ്ഭാഗത്ത് കൂടി നദികൾ ഒഴുകുന്ന, സ്ഥിരവാസത്തിനുള്ള സ്വർഗത്തോപ്പുകൾ. അവരതിൽ നിത്യവാസികളായിരിക്കും. അതാണ് പരിശുദ്ധി നേടിയവർക്കുള്ള പ്രതിഫലം.'' (ത്വാഹ: 75, 76)

മനസ്സ് മലിനപ്പെടാതിരിക്കാൻ വിശ്വാസികൾ സദാ ജാഗ്രതയിലായിരിക്കേണ്ടതുണ്ട്. മനസ്സിനെ ദുശ്ശാഠ്യ ങ്ങളിൽ നിന്നും അതിന്റെ പ്രലോഭനങ്ങളിൽ നിന്നും അകറ്റി, നേർവഴിയിൽ തന്നെ നിലനിർത്താൻ അടിസ്ഥാനപരമായ ചില ശീലങ്ങൾ പാലിക്കേണ്ടതുണ്ട്. വിശ്വാസഹൃദയത്തിനിണങ്ങുന്ന സ്വഭാവ ങ്ങളും, ദൈവിക നിർദ്ദേശങ്ങൾക്ക് വിധേയപ്പെടാനുള്ള വിനയവും, കർമ്മങ്ങൾ വിലയിരുത്താനുള്ള സന്നദ്ധതയും, തെറ്റുകൾ തിരിച്ചറിയുന്നതോടെ തിരുത്താനുള്ള ഭക്തിയും, തന്റെ ജീവിതം മുച്ചൂടും അല്ലാഹുവിന്റെ മുഴുസമയ നിരീക്ഷണത്തിലാണ് എന്ന ചിന്തയും അവയിൽ മുഖ്യമാണ്. അതേ പ്രകാരം, ഏകദൈവവിശ്വാസത്തിന് ഭംഗം വരുത്തുന്ന ശിർക്കിൽ നിന്നും, ലോകമാന്യം, അഹങ്കാരം, പക, അസൂയ, ദുനിയാവിനോടുള്ള അത്യാഗ്രഹം തുടങ്ങിയ ദുർഗുണങ്ങളിൽ നിന്നും മനസ്സിനെ സുരക്ഷിതമായി സൂക്ഷിക്കേണ്ടതുണ്ട്.

ആത്മസംസ്കരണത്തിനൊരുങ്ങുന്ന വിശ്വാസിക്ക് സഹായകമാകുന്നതും അവൻ ശ്രദ്ധവെക്കേണ്ടതു മായ സംഗതികൾ ഖുർആനിലും സുന്നത്തിലും സമൃദ്ധമാണ്. ഈ രണ്ട് ആധാരങ്ങളിൽ നിന്നും ലഭിക്കുന്ന വെള്ളവും വെളിച്ചവും കൊണ്ടുമാത്രമേ മനസ്സിന്റെ മലിനത നീക്കാൻ വിശ്വാസി ശ്രമിക്കാവൂ. ഖുർആൻ വായിക്കുക:

''എല്ലാകാര്യത്തിനും വിശദീകരണമായിക്കൊണ്ടും, മാർഗദർശനവും കാരുണ്യവും കീഴ്പെട്ടു ജീവിക്കു ന്നവർക്ക് സന്തോഷവാർത്തയുമായിക്കൊണ്ടുമാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ചിരി ക്കുന്നത്.'' (നഹ്ൽ: 89)

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ(റ) തന്റെ ഫതാവയിലെഴുതി: ''വിശ്വാസകാര്യങ്ങളെന്ന പോലെ ത്തന്നെ, സ്വഭാവകാര്യങ്ങളും ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നുമായിരിക്കണം ഉൾക്കൊള്ളേ ണ്ടത്. അവ രണ്ടിലും എല്ലാ കാര്യങ്ങളും വിശദീകരിക്കപ്പെട്ടിട്ടുണ്ട്.'' (വാ. 19, പേ. 273)

മനസ്സിന്റെ ചാഞ്ചല്യത്തിൽ വെപ്രാളപ്പെടുന്ന ചില ദുർബല വിശ്വാസികൾ തങ്ങളുടെ വിശ്വാസത്തേയും കർമ്മങ്ങളേയും ഒരു പോലെ നശിപ്പിക്കുന്ന അനിസ്‌ലാമികമായ തന്ത്രമന്ത്രങ്ങളിലും ആത്മീയാഭ്യാസ ങ്ങളിലും അഭയം കണ്ടെത്താറുണ്ട്. സൂഫികളുടേയും ത്വരീഖത്തിന്റെ ശൈഖുമാരുടേയും അധ്യാപന ങ്ങളിലാണ് അടിസ്ഥാനരഹിതമായ അത്തരം ആചാരങ്ങൾ കാണുന്നത്. മഹാനായ ഇബ്നുൽ ഖയ്യിമി(റ)ന്റെ നിരീക്ഷണമാണ് ശരി. അദ്ദേഹമെഴുതി:

‘‘അല്ലാഹുവിന്റെ പ്രവാചകനിൽ നിന്ന് അറിയിച്ചു കിട്ടിയിട്ടില്ലാത്ത കാര്യങ്ങളിലേക്ക് നയിക്കുന്നവൻ, സൂഫീ സങ്കൽപങ്ങളിലൊ, തത്വശാസ്ത്ര ചിന്തകളിലൊ, സ്വന്തം തോന്നലുകളിലൊ നിന്നെ പിടിച്ചിരുത്താൻ ശ്രമിക്കുകയാണ്. വിശുദ്ധ ഖുർആനിനും, തിരുമേനി(സ്വ)യുടെ സുന്നത്തിനുമപ്പുറം ആളുകളാൽ സമർപ്പിക്കപ്പെടുന്ന സകലതും വഴിപിഴച്ച സൂഫികളുടേയും, മുതകല്ലിമുകളുടേയും, ഫിലോസഫർമാരുടേയും ജൽപനങ്ങളാണ്. ഇസ്‌ലാമിക പ്രമാണങ്ങളിൽ നിന്ന് അകന്നാൽ പിന്നെ ആരും വഴിപിഴച്ചതു തന്നെ. അല്ലാഹുവിലേക്കും അവന്റെ സ്വർഗത്തിലേക്കും അടുപ്പിക്കുന്ന പ്രമാണങ്ങൾ ഖുർആനും സുന്നത്തുമല്ലാതെ മറ്റൊന്നില്ല.’’ (മദാരിജുസ്സാലികീൻ, വാ. 2 പേ. 468)

അദ്ദേഹം മറ്റൊരിടത്തെഴുതി: ‘‘മനുഷ്യന്റെ ശരീരഭാഗങ്ങളെ ശുദ്ധീകരിക്കുന്നതിനേക്കാൾ ക്ലേശകരമാണ് തസ്കിയ്യത്ത് അഥവാ ആത്മസംസ്കരണം. യോഗ, ആത്മപീഡനം, സന്യാസം തുടങ്ങിയ പ്രവാചകാധ്യാപനങ്ങളിലില്ലാത്ത മാർഗങ്ങളിലൂടെ അതിനെ വിമലമാക്കാൻ ശ്രമിക്കുന്നവൻ, തനിക്കു തോന്നിയ വൈദ്യം ചെയ്യുന്ന രോഗിയെപ്പോലെയാണ്. പ്രവാചകന്മാർ ഹൃദയചികിത്സകരാണ്. അവരുടെ ചികിത്സകൾ സ്വീകരിച്ചും, അവരുടെ നിർദ്ദേശങ്ങൾ പാലിച്ചുമല്ലാതെ ഹൃദയശുദ്ധീകരണം സാധ്യമല്ലതന്നെ.’’ (മദാരിജുസ്സാലികീൻ, വാ. 2 പേ. 315)

സകലമാന മാലിന്യങ്ങളിൽ നിന്നും അകന്ന് ഏകദൈവവിശ്വാസം നൽകുന്ന പവിത്ര ജീവീതം നയിക്കാൻ അല്ലാഹുവിന്റെ കാരുണ്യം അനിവാര്യമാണ്. നമുക്ക് ശ്രമിക്കാനാകുമെന്നേയുള്ളൂ. അവസരങ്ങളും തൗഫീഖുകളും ഒരുക്കിത്തരുന്നവൻ അവനാണ്. തസ്കിയ്യത്തിന്റെ കാര്യത്തിലും സംഗതി അപ്രകാരം തന്നെയാണ്. അല്ലാഹു പറയുന്നു:

‘‘സത്യവിശ്വാസികളേ, പിശാചിന്റെ കാൽപാടുകൾ പിൻപറ്റരുത്. വല്ലവനും പിശാചിന്റെ കാൽപാടുകൾ പിൻപറ്റുന്ന പക്ഷം തീർച്ചയായും അവൻ (പിശാച്) കൽപിക്കുന്നത് നീചവൃത്തിയും ദുരാചാരവും ചെയ്യാനായിരിക്കും. നിങ്ങളുടെ മേൽ അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും ഇല്ലാതിരുന്നെങ്കിൽ നിങ്ങളിൽ ഒരാളും ഒരിക്കലും പരിശുദ്ധി പ്രാപിക്കുകയില്ലായിരുന്നു. പക്ഷെ, അല്ലാഹു താൻ ഉദ്ദേശിക്കുന്നവർക്ക് പരിശുദ്ധി നൽകുന്നു. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമത്രെ.’’ (നൂർ: 21)

അപചയങ്ങളിൽ നിന്ന് മനസ്സിനെ പിടിച്ചു നിർത്താൻ ഏറ്റവും അനുഗുണമായ രീതി, മുഹാസബത്തുന്നഫ്സ് അഥവാ സ്വയംവിചാരണയാണ്. അതുകൊണ്ടാണ് അമീറുൽ മുഅ്മിനീൻ ഉമർ(റ) നമ്മെ ഇങ്ങനെ ഉപദേശിച്ചത്: ‘അല്ലാഹുവിനാൽ വിചാരണ ചെയ്യപ്പെടും മുമ്പെ, നിങ്ങൾ സ്വയംവിചാരണ ചെയ്യുക. ഇന്ന് നിങ്ങൾ സ്വയം കണക്കുനോക്കുന്നുവെങ്കിൽ നാളത്തെ വിചാരണ നിങ്ങൾക്ക് ലഘുവായനുഭവപ്പെട്ടേക്കാം.’ (അഹ്മദ്)

സ്വയം വിചാരണയിൽ നമ്മടെ സകലതും ഉൾപ്പെടുത്തണം. വിശ്വാസം, കർമ്മം, സ്വഭാവം, ക്രയവിക്രയ, നിലപാടുകൾ, സന്ധികൾ, വേർപിരിയലുകൾ എല്ലാമെല്ലാം. മനസ്സിന്റെ താത്പര്യങ്ങൾ ഈ വക കാര്യങ്ങളിലൊക്കെ സ്വാധീനം ചെലുത്തി നാമറിയാതെ പല അപാകതകളിലേക്കും, എടുത്തു ചാട്ടങ്ങളിലേക്കും കൊണ്ടെത്തിച്ചിട്ടുണ്ടാകാം. പരലോകത്തെ നിശിതവും കൃത്യവുമായ വിചാരണയെ നേരിടും മുമ്പ് ഒരു മുന്നൊരുക്കവിചാരണ നല്ലതാണെന്നത്രെ ഖുർആനിന്റെ ഉപദേശവും.

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. ഓരോ വ്യക്തിയും താൻ നാളെക്ക് വേണ്ടി എന്തൊരു മുന്നൊരുക്കമാണ് ചെയ്തു വെച്ചിട്ടുള്ളതെന്ന് നോക്കിക്കൊള്ളട്ടെ. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപറ്റി സൂക്ഷ്മജ്ഞാനമുള്ളവനാകുന്നു. (ഹശ്ർ: 18)

പ്രവാചക തിരുമേനി(സ്വ) പറഞ്ഞു: ‘‘സ്വന്തം മനസ്സിനെ വിചാരണ ചെയ്യുകയും, മരണാനന്തര ജീവിതത്തിലേക്ക് പ്രവർത്തിക്കുകയും ചെയ്യുന്നവനാണ് വിവേകി. മനസ്സിനെ അതിനെ പാട്ടിനു വിടുന്ന, അല്ലാഹുവിനെപ്പറ്റി വ്യാമോഹങ്ങൾ വെച്ചുപുലർത്തുന്ന വ്യക്തി കാര്യബോധമില്ലാത്ത അശക്തനാണ്.’’ (അഹ്മദ്)

ഇതു തന്നെയാണ് പണ്ഡിതോപദേശവും. ഇബ്നുൽ ഖയ്യിമി(റ)നെ വായിക്കുക: ‘‘ഹൃദയത്തിന്റെ വിശുദ്ധിയും പവിത്രതയും അതിനെ വിചാരണ ചെയ്യുന്നതിനെ ആസ്പദിച്ചിരിക്കുന്നു. അൽ ഹസൻ(റ) പറയാറുണ്ട്: വിശ്വാസി എപ്പോഴും മനസ്സിനെ ചോദ്യങ്ങൾക്ക് വിധേയമാക്കിക്കൊണ്ടിരിക്കണം. ഞാനിതു പറയാൻ, ഞാനിതു തിന്നാൻ, ഇവിടെ പ്രവേശിക്കാൻ, ഇന്നിടത്തു നിന്നും ഇറങ്ങിപ്പോരാൻ മനസ്സേ, നീയെന്നെ പ്രേരിപ്പിച്ചതെന്തിന്? ഞാനിതു ചെയ്തിട്ട് എനിക്കെന്ത്? എനിക്കും നീ പറയുന്ന കാര്യവും തമ്മിൽ എന്തു ബന്ധം? ഇല്ല, ഞാനിതു ചെയ്യില്ല, ഇനിയും ഞാനതിലേക്ക് മടങ്ങില്ല.. തുടങ്ങിയ സ്വയം വിചാരണ പോരായ്മകളെ കണ്ടെത്താനും പാപകർമ്മങ്ങളിൽ നിന്ന് അകന്നു നിൽക്കാനും, സ്വന്തം നിലപാടുകളെ നന്നാക്കാനും സഹായിക്കുന്നതാണ്.’’ (മദാരിജുസ്സാലികീൻ, വാ. 2 പേ. 510)